Rs. 20/-

jaagrathayude **Keraleeyam**
2011 December

Registered KL/CR/TCR/353/2009-11
Posted at Thrissur RMS/2 on 20&21/12/2011

### അമേരിക്കയിലെ ജനങ്ങൾക്കല്ല, കോർപ്പറേറ്റുകൾക്കാണ് ആണവോർജ്ജം വേണ്ടതെന്ന്

### പീറ്റർ ഓപ്പൺഹാം

(തയ്യാറാക്കിയത്: മാർട്ടിൻ)

# ആണവോർജ്ജം വേണ്ടത് കോർപ്പറേറ്റുകൾക്ക് മാത്രം

**ഞാൻ** ഇവിടെ ഇപ്പോൾ നിൽക്കുന്നതിന് കാരണം രണ്ട് വ്യത്യസ്ത സംഘടനകളാണ്. ഒന്നാമത്തെ സംഘടന ഞാൻ താമസിക്കുന്ന യുഎസ്സിലെ വാൾസ്ട്രീറ്റ് പിടിച്ചെടുക്കൽ പ്രക്ഷോഭം ആണ്. അത് ഇപ്പോൾ വാൾസ്ട്രീറ്റ് പിടിച്ചെടുക്കൽ പ്രക്ഷോഭം മാത്രമല്ല. എല്ലായിടത്തേക്കും വ്യാപിക്കുകയാണ്. വാൾസ്ട്രീറ്റ് പിടിച്ചെടുക്കൽ പ്രസ്ഥാനത്തിലെ എല്ലാവർക്കും വേണ്ടി എനിക്ക് നിങ്ങൾക്ക് ഒരു സന്ദേശം നൽകാനുണ്ട്. അത് നിങ്ങൾക്ക് ഒരു സന്തോഷ വാർത്തയാണ്. ഞങ്ങൾ യുഎസ്സിലെ ജനങ്ങൾ അങ്ങനെ അവസാനം തിരിച്ചറിവിലേയ്ക്ക് ഉണർന്നു കൊണ്ടിരിക്കുകയാണ്. അതായത് ഞങ്ങളുടെ ഗവൺമെന്റ് ഞങ്ങൾക്ക് വേണ്ടിയല്ല കോർപ്പറേറ്റുകൾക്ക് വേണ്ടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. അതിന് ഇത്രയേറെ കാലം വേണ്ടിവന്നു എന്നതിന് ഞാൻ നിങ്ങളോട് ക്ഷമ ചോദിക്കുന്നു. അമേരിക്കയിലെ ജനങ്ങൾക്ക് ഇറാക്കിലോ, അഫ്ഗാനിസ്ഥാനിലോ ഒന്നും യുദ്ധം വേണമെന്നില്ല. എന്നാൽ കോർപ്പറേറ്റുകൾ യുദ്ധം ആഗ്രഹിക്കുന്നു. അമേരിക്കയിലെ ജനങ്ങൾ ഇന്ത്യപോലുള്ള രാജ്യങ്ങളിൽ കർഷകർ ആത്മഹത്യ ചെയ്യാനിടയായ തരത്തിലുള്ള നയങ്ങളെ അനുകൂലിക്കുന്നില്ല. എന്നാൽ മൊൻസാന്റോ പോലുള്ള കമ്പനികളും ഞങ്ങളുടെ സർക്കാറും അതിന് അനുകൂലമാണ്.



കൂടംകുളം പദ്ധതി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് നടന്ന സൈക്കിൾ റാലിയെ ഓംപുരി അഭിവാദ്യം ചെയ്യുന്നു

ആണവോർജ്ജം വേണ്ടയെന്ന് അമേരിക്കയിലെ ജനങ്ങൾ തീരുമാനിച്ചു കഴിഞ്ഞു. പക്ഷേ കോർപ്പറേറ്റുകൾ പണമുണ്ടാക്കാൻ ശ്രമിക്കുന്നത് കൊണ്ട് അവർ ഇന്ത്യൻ സർക്കാറുമായി ഉടമ്പടികൾ ഒപ്പുവയ്ക്കുന്നു. പക്ഷേ നമ്മുക്ക് ഇനിയൊരിക്കലും ആണവ പ്ലാന്റുകൾ വേണ്ട. ഞാൻ കഴിഞ്ഞ 30 വർഷമായി ആണവവിരുദ്ധ പ്രവർത്തകനാണ്, മാത്രവുമല്ല കാലിഫോർണിയയിലെ ഒരു ആണവ പ്ലാന്റിനെതിരെയുള്ള സമരത്തിൽ ജയിലിൽ പോകേണ്ടിയും വന്നിട്ടുണ്ട്. ജപ്പാനിലെ പോലെ ഒരു വലിയ അപകടം നടന്നാൽ എന്താണ് സംഭവിക്കുക എന്നത് നമ്മളൊക്കെ കണ്ടതാണ്. ആവശ്യം എന്തായാലും ആണവോർജ്ജം എന്ന ആശയം തന്നെ ഭയാനകമാണ്. പ്ലൂട്ടോണിയവും അത് പോലുള്ള മറ്റ് ആണവവികരണങ്ങളും ആയിരം വർഷം കഴിഞ്ഞാലും നിലനിൽക്കും. അടുത്ത മുപ്പതോ അമ്പതോ വർഷത്തേക്ക് നമ്മുക്ക് കുറച്ച് വൈദ്യുതി കിട്ടും. പക്ഷേ ആയിരത്തോളം തലമുറകൾ പ്ലൂട്ടോണിയവും അവയുടെ റേഡിയോ ആക്ടീവ് വെയിസ്റ്റിന്റെ വികരണങ്ങൾക്ക് വിധേയരാകേണ്ടിവരും. യുറേനിയം കുഴിച്ചെടുക്കുന്ന പ്രക്രിയയിലെ മാലിന്യങ്ങളിൽ നിന്നും ധാരാളം വികരണങ്ങൾ പുറപ്പെടുന്നുണ്ട്. ഒരു ആണവപ്ലാന്റ് പ്രവർത്തിപ്പിക്കുമ്പോൾ ഇത്തരത്തിൽ വികരണങ്ങളുടെ അളവ് കൂടുകയാണ്.

ഞാൻ പ്രതിനിധികരിക്കുന്ന രണ്ടാമത്തെ സംഘടന എന്തെന്ന് കേട്ടാൽ നിങ്ങൾക്ക് അതിശയമായിരിക്കും. നാരായണ ഗുരുകുലത്തെ പ്രതിനിധികരിച്ച് കൂടിയാണ് ഞാൻ ഇവിടെ നില്ക്കുന്നത്. മുപ്പത് വർഷമായി ഞാൻ ഗുരു നിത്യ ചൈതന്യയതിയുടെ ശിഷ്യനാണ്. പിന്നെ ഞാൻ നാരായണ ഗുരുവിന്റെ എല്ലാ ലേഖനങ്ങളും പഠിച്ചു. നാരായണഗുരു ഒരു വലിയ പരിസ്ഥിതി പ്രവർത്തകനാണ്. അദ്ദേഹത്തിന്റെ കാലത്തും മനുഷ്യന്റെ അത്യാഗ്രഹം പരിസ്ഥിതിയെ മലിനിപ്പെടുത്തിയിരുന്നു. നമ്മളുടെ രീതികളിൽ മാറ്റം വരണമെന്ന് അന്ന് അദ്ദേഹം പറഞ്ഞു. നടരാജഗുരു എഴുതിയ നാരായണ ഗുരുവിന്റെ ജീവചരിത്രം ഞാൻ ഇന്നലെ വായിക്കുകയായിരുന്നു. അതിൽ നാരായണഗുരു പറയുന്നുണ്ട് മനുഷ്യൻ തന്നെ അവന്റെ പ്രവർത്തിയുടെ ഫലം അനുഭവിച്ച് ശൂന്യമായി പോയിരുന്നെങ്കിൽ അതായിരുന്നു ഭേദം. എന്നാൽ അത് ശരിയല്ല. കാരണം, ആകാശത്തിലെ പറവകൾ, കടലിലെ മത്സ്യങ്ങൾ, മൃഗങ്ങൾ ഇവയെല്ലാം ഈ മനുഷ്യന്റെ അത്യാഗ്രഹത്തിന്റെ ഫലം അനുഭവിക്കേണ്ടി വരുന്നു.

ഞാൻ എന്റെ പിന്തുണയും ആദരവും ഈ സൈക്കിൾ യാത്രികരെ അറിയിക്കുന്നു. നമ്മുടെ ശബ്ദവും അവരോടൊപ്പം ഉയർത്തണം. അങ്ങനെ നമ്മുക്ക് ആണവോർജ്ജം തടയാൻ സാധിക്കും. അങ്ങനെ നമ്മൾ അത് തടയുക തന്നെ വേണം.

(കൂടംകുളം ആണവപദ്ധതി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് കൂടംകുളം ആണവവിരുദ്ധ ഐക്യദാർഢ്യ സമിതി സംഘടിപ്പിച്ച, എറണാകുളത്ത് നിന്നും ആരംഭിച്ച സൈക്കിൾ റാലി തിരുവനന്തപുരത്ത് സമാപിച്ചപ്പോൾ നടത്തിയ പ്രസംഗം.)

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com